# യോഹ 2:1-11

---

ഭാഗ്യ സ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ ആപ്തവാക്യം- Totus Tuus (പൂർണ്ണമായും നിന്റേത്) എന്നതായിരുന്നു. ഇതിന് കാരണവും ഉണ്ട്. നന്നേ ചെറുപ്പത്തിലേ അപ്പനും അമ്മയും നഷ്ടപ്പെട്ട കരോൾ തികച്ചും ഏകനായി. കമ്മ്യൂണിസ്റ്റ് ആധിപത്യത്തിൽ ഞെരിഞ്ഞമർന്നപ്പോൾ പട്ടിണി സഹിക്കവയ്യാതെ ആ ബാലൻ പാറമടയിൽ പണിക്കു പോയി. ഒരു ദിവസം പണികഴിഞ്ഞ് മടങ്ങും വഴി ഇടവകപള്ളിയുടെ സമീപം ഒരു ട്രക്ക് കരോളിനെ ഇടിച്ചുവീഴിത്തി നിറുത്താതെ കടന്നുപോയി. കാര്യമായി മുറിവേറ്റ കരോൾ വേദനയോടെ തലയുയർത്തി നോക്കിയപ്പോൾ ഇടവക പള്ളിയിലെ മാതാവിന്റെ രൂപം. മറിയത്തിന്റെ തിരുസ്വരൂപം നോക്കി കരോൾ വേദനയോടെ പറഞ്ഞു " അമ്മേ, എനിക്ക് അമ്മയില്ല, അപ്പനില്ല, ഇന്നിവിടെ സഹായിക്കാൻ ആരുമില്ല... ഞാൻ പൂർണ്ണമായും നിന്റേതാണ് (Totus Tuus). തന്നെതന്നെ സമർപ്പിച്ച കരോളിന് അമ്മ കൈപിടിച്ചുയർത്തി. പാറമടയിൽനിന്നും പത്രോസിന്റെ സിംഹാസനം വരെ. അലി അഗ്ക്കയുടെ വെടിയേറ്റുവീണപ്പോഴും മാർപ്പാപ്പയ്ക്ക് ഇതുതന്നെയാണ് പറയാനുണ്ടായത്. മാർപ്പാപ്പ പിന്നീട് പറഞ്ഞു പരിശുദ്ധ അമ്മയ്ക്കല്ലാതെ മറ്റാർക്കാണ് ഇത്രയും നന്നായി ഒരു കുഞ്ഞിനെ വളർത്താനാവുന്നത്.

കാനായിലെ കല്യാണ വിരുന്ന് അനേകം ദൈവശാസ്ത്രം നിറഞ്ഞുനിൽക്കുന്നതാണെങ്കിലും അമ്മയെ കുറിച്ചും ഈശോയെ കുറിച്ചും ഇന്നു നമുക്ക് പറഞ്ഞു തരുന്നു. രണ്ടു ചിന്തകളാണ് ഉള്ളത് ഒന്ന് അമ്മയെ കൈപിടിക്കുക രണ്ട് ഈശോയിൽ എത്തിച്ചേരുക.

അമ്മയെ കൈപിടിക്കുക: സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിൽ മദ്ധ്യസ്ഥയാണ് അമ്മ. അതുകൊണ്ടാണല്ലോ ഓരോ ദൈവീക ജീവനും സ്വർഗ്ഗത്തിൽ നിന്നിറങ്ങി അമ്മയുടെ ഉദരത്തിൽ പത്തുമാസം വസിച്ചശേഷം ഭൂമിയിലെത്തുന്നത്. ഓരോ അമ്മയിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നത് ഇതുപോലോരു മദ്ധ്യസ്ഥമാണ്. കാനാ മാത്രത്ത്വത്തിന്റെ മാദ്ധ്യസ്ഥ്യം വെളിപ്പെടുത്തുന്ന സ്ഥലം. വീട്ടിൽ കരയുന്നവരുടെ കണ്ണീരു കാണാലുള്ള അമ്മമാരുടെ കഴിവ് അപാരമാണ്. കാനായിലെ കുടുംബവും മനംനൊന്ത് ആരും കാണാതിരിക്കാൻ അമർത്തിപിടിച്ച കരഞ്ഞു കാണും. എങ്കിലും വീട്ടിലുണ്ടായിരുന്ന ഒരാൾ മാത്രം അതു കേട്ടു. സഹിച്ചവന് സഹിക്കുന്നവനെ മനസ്സിലാകൂ. വിശപ്പറിഞ്ഞവനേ വിശക്കുന്നവന്റെ നിലവിളിയുടെ തീക്ഷണത അറിയാനാകൂ.

സങ്കടമറിയുക മാത്രമല്ല സങ്കടത്തിന് ഒരു പരിഹാരമുണ്ട് എന്നുകൂടി അറിഞ്ഞതാണ് മറിയത്തിന്റെ മഹത്വം. കൂടെയുണ്ടായിരുന്നവർ സങ്കടത്തിന്റെ കാരണക്കാരെ തേടി. കലവറക്കാരന്റെ കരുതല്ലില്ലായ്മ, ഗൃഹനാഥന്റെ പിടിപ്പുകേട്, ഗൃഹനാഥയുടെ അനാസ്ഥ എന്നിങ്ങനെ... പ്രതിസന്ധികളുടെ ഉത്തരവാദികളെ അന്വേഷിക്കുന്നവർ പലപ്പോഴും പ്രതിസന്ധികളെ കൂടുതൽ വഷളാക്കുകയാണ്. ഇതുതന്നെയാണ് നമ്മുടെ കുടുംബങ്ങളുലും സംഭവിക്കുന്നത്.

ഈശോയിൽ എത്തിച്ചേരുക:
പ്രശ്നത്തിന് പരിഹാരമായി ദൈവപുത്രന് ചൂണ്ടികാണിച്ചു കൊടുക്കുന്നതാണ് ആത്മീയത. അവനെ ചൂണ്ടികാണിച്ചുകൊടുത്താൽ പ്രശ്നം തീരുമെന്നു മാത്രമല്ല സമൃധ്ധി ഉണ്ടാവുകയും ചെയ്യും.

കണക്കുകൂട്ടലുകൾ നമ്മുടെ ജീവിതത്തിലും തെറ്റും അപ്പോൾ നമ്മൾ കണക്കു പിഴ്ക്കാത്തവനെ ആശ്രയിക്കും. ഒരു പക്ഷെ തന്നെ ഓർക്കാനായി സർവ്വേശ്വരൻ നമ്മുടെ കണക്കുകൂട്ടലുകളെ ബോധപൂർവ്വം തെറ്റിക്കുന്നതായിരിക്കുമോ. ഇതുപോലെ കണക്കു തെറ്റിയ അനേകരെ വി. ഗ്രന്ഥത്തിൽ നമുക്ക് കാണാം. അബ്രഹാം, യാക്കോബ്. ജോസഫ്, സാവൂൾ, ദാവീദ്, യൂദാസ്... എന്നിങ്ങനെ നീളുന്നു. കണക്കു പിഴച്ചവർക്ക് രണ്ടു വഴിയേ ഉള്ളൂ. ഒന്ന് കണക്ക് പിഴയ്ക്കാത്തവനെ ആശ്രയിക്കുക രണ്ട് നിരാശയിൽ ജീവിതം തകർക്കുക.
നമ്മുടെ അസ്വസ്ഥതകളിലും താളം തെറ്റിയ ജീവിത ക്രമങ്ങളിലും വഴി തെറ്റുന്ന മഹാ പ്രയാണങ്ങളിലും മറിയത്തെ കൂട്ടു പിടിക്കുക. മറിയം വഴി ഈശോയിലേക്ക് തിരിയുക.

അടിപൊളി സംസ്കാരത്തിൽ കർത്താവിനെ കൂടി ചേർത്തു വച്ചാൽ കുറവുകൾ നിറവുകളാകും. ആത്മീയ ആഘോഷങ്ങളാകും, ഏഴ് കൽഭരണികളാകും, പന്ത്രണ്ടു കുട്ട ബാക്കിയാകും.

മറിയം നമ്മെ സഹായിക്കട്ടെ. ആമ്മേൻ.

Fr. Aljo Kuttikadan, Diocese of Palghat.